<u>പതിമൂന്നാം കേരള നിയമസഭ</u>

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2375 — 11/10/2011-ൽ മറുപടിക്ക്

<u>പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിൽ വന്നിട്ടുള്ള വീഴ്ചകൾ അന്വേഷിക്കുന്നതിനുള്ള നടപടി</u>

| <u>ചോദ്യം</u> | | | <u>ഉത്തരം</u> |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ : | | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം ഗുരുതരമായ വീഴ്ചകൾ സംഭവിച്ചതിനെക്കുറിച്ച് അന്വേഷണം നടത്തുമോ; | എ) | കഴിഞ്ഞ പാഠപുസ്തക പരിഷ്ക്കരണത്തിൽ സാമൂഹ്യ ശാസ്ത്ര പാഠപുസ്തകങ്ങളെക്കുറിച്ച് ഉന്നയിക്കപ്പെട്ട ചില പരാതികൾ പഠിക്കാനായി നിയോഗിച്ച കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | 2010- ൽ പത്താം ക്ലാസ്സിലെ മലയാള പാഠപുസ്തക നിർമ്മാണവുമായി ബന്ധപ്പെട്ട സമിതിയിൽ അംഗങ്ങളായ അദ്ധ്യാപകരെ ശില്പശാല നടത്തിയപ്പോൾ മാറ്റി നിർത്തിയതിനെത്തുടർന്ന് പാഠപുസ്തക നിർമ്മാണ സമിതിയിൽ അംഗങ്ങളായ അദ്ധ്യാപകരുടെ രാജിയെക്കുറിച്ച് അന്വേഷണം നടത്തുമോ; | ബി) | പത്താം ക്ലാസിലെ മലയാള പാഠപുസ്തക നിർമ്മാണത്തിനു വേണ്ടി രൂപീകരിച്ച സമിതിയിലെ ആരെയും ഈ ശില്പശാലകളിൽ നിന്ന് പുറത്താക്കുകയോ ഒഴിവാക്കുകയോ ചെയ്തിട്ടില്ല. അത്തരത്തിൽ ഒരു പരാതിയും ലഭിച്ചിട്ടില്ല. |
| സി) | പാഠപുസ്തക നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള മലയാളം ഉൾപ്പെടെയുള്ള വിഭാഗങ്ങളിലെ ഫാക്കൽറ്റികളെ മാറ്റി പുതിയ ഫാക്കൽറ്റികളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ